(എ) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഇടുക്കി ജില്ലയിൽ ഒരു മെഡിക്കൽകോളേജ് തുടങ്ങുവാൻ പദ്ധതിയുണ്ടോ;

(ബി) ജില്ലയിലെ ജനസംഖ്യ ജില്ലയുടെ കേന്ദ്രീകൃത പ്രദേശം, തൊട്ടടുത്ത മെഡിക്കൽകോളേജിലേയ്ക്കുള്ള ദൂരം മുതലായ ഘടകങ്ങൾ കണക്കിലെടുത്ത് ജില്ലയുടെ കേന്ദ്രീകൃത പ്രദേശങ്ങളിൽ എവിടെയെങ്കിലും നിർദ്ദിഷ്ട മെഡിക്കൽകോളേജ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇതു സംബന്ധിച്ച ഒരു ശുപാർശ ഐ.എച്ച്.ആർ.ഡി.യിൽനിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. വിശദാംശം പരിശോധിച്ചുവരുന്നു.

61 (515) മീനങ്ങാടി പോളിടെക്നിക്കിൽ പുതിയ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മീനങ്ങാടി പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മീനങ്ങാടി പോളിടെക്നിക്കിൽ മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ പുതുതായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ;

(സി) പുതിയ കോഴ്സുകൾ ഏത് അദ്ധ്യയനവർഷം മുതൽക്കാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മീനങ്ങാടി പോളിടെക്നിക്കിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ നിവേദനത്തിൻമേൽ ആവശ്യമായ അടയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ വർഷം പുതിയ കോഴ്സുകൾ തുടങ്ങുവാൻ നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ബി) ഈ വർഷം പുതുതായി തുടങ്ങിയ ഇലക്ട്രോണിക്സ് കോഴ്സ് ഉൾപ്പെടെ നാല് ബ്രാഞ്ചിൽ 60 കുട്ടികൾ വീതം 240 കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്. ഇപ്പോൾ തുടങ്ങിയ കോഴ്സിനുവേണ്ട സൗകര്യങ്ങൾ ആയതിനുശേഷമേ പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) 2001-2002-ൽ.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വർഷം ലബോറട്ടറി/വർക്ക്ഷോപ്പ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly